# വി. ചാവറപിതാവ് Prayer Service



പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവമേ, ഞങ്ങളുടെ ഹൃദയങ്ങളിലും പരിശുദ്ധമായ ഈ ദേവാലയത്തിലും നിറഞ്ഞുനിൽക്കുന്ന അങ്ങയുടെ സജീവസാന്നിദ്ധ്യം ഞങ്ങൾ അനുസ്മരിച്ച് ഏറ്റുപറയുന്നു. അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു, സ്തുതിക്കുന്നു. മഹത്വപ്പെടുത്തുന്നു. അങ്ങയുടെ അനന്ത പരിപാലനയിൽ നിന്ന് ദാനമായി നൽകിയ ഈ പുതുവർഷത്തിന്റെ ആദ്യദിനങ്ങളിൽ തന്നെ വി. ചാവറപിതാവിന്റെ തിരുനാൾ കൊണ്ടാടുവാൻ ഞങ്ങളെ അനുഗ്രഹിച്ച നല്ല ദൈവമേ, ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു. പിതാവിന്റെ മദ്ധ്യസ്ഥത വഴി കഴിഞ്ഞ ഒരു വർഷക്കാലം നമ്മുടെ ഈ കൊച്ചു ജീവിതങ്ങളിലേക്ക് അവിടുന്ന് വർഷിച്ച എല്ലാ നന്മകളെയും അനുഗ്രഹങ്ങളെയും ഓർത്ത് അവിടുത്തെ പരിശുദ്ധനാമത്തെ നമുക്ക് മഹത്വപ്പെടുത്താം. നമ്മിൽ നിന്ന് വന്നുപോയ എല്ലാ വീഴ്ചകൾക്കും ഒരിക്കൽകൂടി ആത്മാർത്ഥമായി മാപ്പപേക്ഷിക്കാം. നമ്മുടെ മനസ്സും ഹൃദയവും ഏകാഗ്രമാക്കികൊണ്ട് ഈ ഒരു മണിക്കൂർ സമയം ഉണർവോടെ, സ്നേഹത്തോടെ തിരുസന്നിധിയിലായിരിക്കാം. നമ്മുടെ സഭാസ്ഥാപകനായ പിതാവിന്റെ ജീവിതത്തിലേക്ക് അൽപമൊന്നു കടന്നുചെല്ലാം. ദൈവ അനുഭവം നമ്മുടെ അന്തരാത്മാവിൽ വസിക്കുന്ന ത്രിത്വൈകദൈവത്തെ ആത്മനാ ദർശി... യാചിക്കാം. ഇതുകൊണ്ട് തിരുസന്നിധിയിൽ നമുക്കായിരിക്കാം... [ഭജൻ]

1805 Feb 10, സ്വർഗ്ഗീയ തോട്ടക്കാരന്റെ കരങ്ങളാൽ മെനയപ്പെട്ട മനോഹരമായ തേജസ്സുറ്റ ഒരു സുന്ദരപുഷ്പം കൈനകരിയുടെ ഭൂമിയിൽ വിടർന്നു. ആ പുഷ്പത്തിന്റെ ശൈശവകാലത്തിൽതന്നെ എല്ലാവരെയും ആകർഷിക്കുന്ന ദൈവികസാന്നിദ്ധ്യം തുളുമ്പുന്ന അസാധാരണമായ ഒരു ചൈതന്യം സ്ഫുരിക്കുന്നു. വൃക്ഷങ്ങളുടെ തണലിൽ ഇളം മന്ദമാരുതനേക്കാൾ കൂടുതൽ, വീശിയടിക്കുന്ന കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചപ്പോഴും പതറാതെ നിന്ന ഈ മനോഹരപുഷ്പം ചെറുപ്രായത്തിലെ തന്നെ സ്വർഗ്ഗീയ തോട്ടക്കാരന്റെ ദേവാലയം അണിയിച്ചൊരുക്കുവാൻ, ആ ഭവനത്തിലെ ആ ചെടിയിൽ നിന്നും ഇറുത്തെടുത്ത് ആരാധ്യനായ ദൈവത്തിലേക്കടുപ്പിക്കുവാൻ, നിലനിൽക്കുന്നിടത്തോളം തന്റെ ശുശ്രൂഷയ്ക്കായി മാറ്റി വയ്ക്കപ്പെട്ടു. ചാവറക്കുടുംബത്തിൽ നിന്നും മാറ്റപ്പെട്ടാൽ തന്റെ ജീവിതം വഴി ലോകം പവിത്രമാകണമെന്നും അവിടെ നിന്നും മാറ്റപ്പെട്ടാൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അനേകം മക്കൾക്ക് ഐശ്വര്യത്തിന്റെയും സൗരഭ്യം പൊഴിയാനാകുമെന്നും ഈ പുഷ്പം നേരത്തെ തന്നെ മനസ്സിലാക്കി. 66 വർഷം മാത്രം വിലസി നിന്ന ആ ജീവിതം എണ്ണമറ്റ സൗരഭ്യം തെളിയിക്കുന്നു. തിരുസഭയ്ക്കും ലോകം നിലനിൽക്കുവോളം പിന്നിട്ട കാലങ്ങൾ അണിയിച്ചൊരുക്കു

1871 Jan 3 ന് കൂനമ്മാവിൽ പ്രകാശം പരത്തി സുഗന്ധം വിതറി സത്യപാതയെ സഭാ മക്കളെ നയിച്ചു സ്വർഗ്ഗ സൗഭാഗ്യത്തിലേയ്ക്ക് എത്തിക്കാൻ നിയോഗിക്കപ്പെട്ട ചെറുദീപം ഈ ഭൂമിയിൽ നിന്നും അടർത്തിമാറ്റപ്പെട്ടു. എന്നാൽ ഈ പ്രകാശദീപം അവിടെ കെട്ടടങ്ങുകയായിരുന്നില്ല. കൂടുതൽ തേജസ്സോടെ സ്വർഗ്ഗവസതിയിൽ നിന്നും പ്രകാശത്തിന്റെ കനക രശ്മികൾ നിത്യവും ഭൂമിയിൽ ചൊരിയാൻ ദൈവം ഈ പ്രകാശത്തെ തന്റെ സമീപത്തേയ്ക്ക് ഉയർത്തുകയായിരുന്നു.

നിത്യപ്രകാശമായ ഈശോയെ ഈ ലോകത്തിന് മുഴുവൻ നൽകി കേരളമക്കൾക്ക് പ്രത്യേകിച്ച് കർമ്മലനാഥയ്ക്ക് വഴിവിളക്കായി ചാവറയച്ചൻ മാറി. പ്രകാശമായ യേശുവിനെ അനുകരിച്ച് സ്വയം പ്രകാശമായി ചാവറയച്ചൻ മാറിയതിന്റെ ഭക്തിമയമായി പുണ്യപിതാവിന്റെ മുമ്പിലെ തിരിതെളിക്കുന്നു. (ഗാനം ആലപിക്കു)

സൈന്യങ്ങളുടെ കർത്താവായ ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞ ഏലിയാ പ്രവാചകനെപ്പോലെ ദൈവിക തീക്ഷ്ണതയാൽ തീജ്ജ്വലിച്ച് ആത്മാക്കളുടെ രക്ഷയ്ക്കായി ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ച പുണ്യപുരുഷനായിരുന്നു വി. ചാവറയച്ചൻ. കേരളസഭയുടെ അഭിമാനമായി കേരളക്കത്തോലിക്ക സുറിയാനി സഭയുടെ മഹാരഥനായി തിരുസഭാ മലർവാടിയിൽ പരിമളം വീശുന്ന പുണ്യകുസുമമായി ഇന്നും പരിശോഭിക്കുന്ന പുണ്യതാതൻ നീണ്ട മണിക്കൂറുകൾ തിരുസക്രാരിക്കുമുമ്പിൽ ചിലവഴിച്ച് ദൈവപിതാവിനോട് യേശുവിനുണ്ടായിരുന്ന അതേ അബ്ബാനുഭവം സ്വന്തമാക്കി. ആ അനുഭവത്തിന്റെ ആഴങ്ങളിലേക്കിറങ്ങി എന്റെ പ്രിയ അപ്പാ, എന്ന് ഒരു പിഞ്ചു പൈതലിനെപ്പോലെ വിളിക്കാൻ ആ പുണ്യാത്മാവിന് കഴിഞ്ഞു. ജീവിതമാകുന്ന നീലാംബരത്തിൽ പ്രശ്നങ്ങളാകുന്ന കാർമേഘപടലങ്ങൾ പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം ആ പരമസാത്വികൻ അചഞ്ചലനായി നിലകൊണ്ടു. തന്റെ ഓരോ കർത്തവ്യത്തിലും ദൈവപരിപാലനയുടെ അദൃശ്യകരം ഉണ്ടെന്ന ദൃഢമായ വിശ്വാസം ഓരോ ദിവസവും അദ്ദേഹത്തെ പുത്തൻ മനുഷ്യനാക്കി മാറ്റി. ഈ നിമിഷം ചാവറയച്ചനോട് ചേർന്ന് നമുക്കും ദൈവപിതാവിന്റെ മുമ്പിൽ ഏറ്റുപറയാം. 'ഓ ദൈവമേ നീയാണെന്റെ പിതാവ്! എന്റെ സർവ്വസ്വവും നീ തന്നെ,

//ആ പിതാവു നീയേ// (ഗാനാലാപം)

ഈശോയുടെ കൂടെ ചരിച്ച് അവിടുന്നുമായി സ്വപ്നങ്ങൾ പങ്കിട്ട് ചാവറയച്ചൻ സ്വന്തം മഹത്വം തേടാതെ തന്റെ കർമ്മം മുഴുവനും അതിന്റെ ഫലത്തോടുകൂടെ പിതാവിന് അടിയറ വയ്ക്കുകയും സ്വയം ശൂന്യമാക്കലിൽ ആനന്ദം തേടുകയും ചെയ്തു. ഈ പുണ്യചരിതന്റെ തിരുനാൾ ദിനത്തിൽ നമ്മോടു പറയാൻ

ദിവ്യകാരുണ്യനാഥനെ ആദ്യമായി അനുഭവിച്ചറിഞ്ഞ് ഈ മക്കളും കാരുണ്യവും സ്നേഹവും പ്രതിഫലിപ്പിച്ച് ധന്യമായ ജീവിതം നയിച്ച പിതാവ്, കർത്താവിന്റെ മുമ്പിൽ നടന്ന് പരിശുദ്ധരായി ജീവിക്കാൻ നമ്മോടാഹ്വാനം ചെയ്യുന്നു. നീതിസൂര്യനായ യേശുവിനാൽ ഫലം ചൂടിനിൽക്കുന്ന കർമ്മല ഉദ്യാനത്തിന്റെ ഫലങ്ങൾ ആസ്വാദ്യതയോടെ ഭക്ഷിക്കുന്ന നമുക്ക് ഈ നിമിഷം ലോകം മുഴുവനിലും അനുഗ്രഹങ്ങൾ വർഷിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കാം

// സമാപന പ്രാർത്ഥന //

ഒരിക്കൽകൂടി നമ്മുടെ എല്ലാ പ്രാർത്ഥനാ നിയോഗങ്ങളെയും കർമ്മലസഭ മുഴുവനേയും നമ്മുടെ സന്യാസിനി സമൂഹത്തെയും എല്ലാ കർമ്മലീത്ത മക്കളെയും തിരുസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് നമുക്ക് അവിടുത്തെ പാദ ചുംബിക്കാം - -

സമാപന പാട്ട് -

സി. ഷെറിൻ റോസ് CMC
ആലങ്ങാട്
അങ്കമാലി പ്രൊവിൻസ്

# PRAYER SERVICE

## – ST. CHAVARA (JAN 3)

— ആമുഖം —

ക്രുദ്ധ മദ്ധ്യാഹ്നം മേഞ്ഞ് ചുട്ടു പഴുത്തു കിടക്കുന്ന മരുഭൂമി. മരങ്ങൾ മുഴുവൻ ഉണങ്ങിപ്പോയി. മഴ വിദൂരമായ ഒരു ഓർമ്മയാണിപ്പോൾ മരുഭൂമിയ്ക്ക്. ഒടുവിലത്തെ യാത്രക്കാരന്റെ കാൽപ്പാടുകളും മരുഭൂമിയിലെ കാറ്റ് മായ്ച്ചു കളഞ്ഞിരിക്കുന്നു. അപ്പോൾ കത്തുന്ന വെയിലിൽ നഗ്നപാദനായ ഒരാൾ നടന്നുവരുന്ന കാഴ്ചയിൽ ഒരു യോഗിയുടെ മുഖച്ഛായയുണ്ട് അയാൾക്ക്. ഉണങ്ങി നില്ക്കുന്ന മരങ്ങൾക്കിടയിൽ വന്നു നിന്ന് അയാൾ ആകാശത്തിനു നേർക്ക് മുഖമുയർത്തി. പിന്നെ ഉണക്കമരങ്ങൾക്കിടയിൽ പൊള്ളുന്ന മണലിലിരുന്ന് അയാൾ ധ്യാനത്തിൽ മുഴുകി. മരുഭൂമിയുടെ ചൂടറിയാതെ... പൊള്ളലറിയാതെ... വിശപ്പും ദാഹവുമില്ലാതെ... രാപകലുകളറിയാതെ..

കുറെ ദിവസങ്ങൾക്കു ശേഷം അയാൾ ധ്യാനത്തിൽ നിന്നുണർന്ന് എങ്ങോട്ടെന്നില്ലാതെ വീണ്ടും യാത്രയായി. ദൂരെ അയാൾ കാഴ്ചയിൽ നിന്ന് മറയാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് ഉണക്കമരങ്ങൾ തളിർത്തു. തളിരുകളോടും പൂക്കളോടും കൂടി കാടുകൾ താളത്തിലുലഞ്ഞു. മരുഭൂമി പൂത്തു. വിശുദ്ധിയുള്ള ഒരാൾ മരുഭൂമിയിൽ കാൽകുത്തുമ്പോൾ മരുഭൂമി പൂക്കുന്നു. കേരളത്തിനുമങ്ങനെയൊരു അനുഭവമാണ് ചാവറയച്ചന്റെ ജന്മം കൊണ്ടുണ്ടായത്.

[Song :- പരമോന്നത സുതാ.]

(CD: ധ്യാനസല്ലാപം. Manorama music)

പുണ്യകർമ്മങ്ങൾകൊണ്ട് ജീവിതം അർത്ഥപൂർണ്ണമാക്കുന്നവർ കാലത്തെ അതിജീവിക്കുന്നു. മരണത്തിന്റെ അതിർത്തി ലംഘിച്ചുകൊണ്ട് അവർ നിത്യതയുടെ ഭാഗമായി തീരുന്നു. വാസ്തവത്തി അവരുടെ ജീവിതം ആരംഭിക്കുന്നതുതന്നെ മരണത്തിനു ശേഷമാണ് അങ്ങനെയൊരാൾ നമുക്കിടയിൽ ജീവിച്ചിരുന്നു. 19-ാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റേത് നന്മയുടെ ജന്മമായിരുന്നു. നന്മചെയ്തു കടന്നു പോയി എന്നു പറയാൻ തക്കവിധം അദ്ദേഹം ജീവിച്ചു. കാളവണ്ടിക്കും കെട്ടുവള്ളത്തിനുമപ്പുറം കാൽനടവഴിയല്ലാതെ സഞ്ചാരമാർഗ്ഗങ്ങൾ ഇല്ലാതിരുന്ന 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യപർവ്വത്തിൽ നിന്നും അദ്ദേഹം നടന്നു തുടങ്ങിയത് 20-ാം നൂറ്റാണ്ടിനും 21-ാം നൂറ്റാണ്ടിനും അപ്പുറത്തെ വരും കാലങ്ങളിലേയ്ക്കു കൂടിയാണ്. ആ കർമ്മയോഗിയുടെ ജീവിത വഴികളിലൂടെ പ്രാർത്ഥനയോടെ നമുക്കു നടന്നു നീങ്ങാം.

(1)

ഏകാന്ത തപസിന്റെ മൗനത്തിലാണ്ട കുന്ന്. വള്ളുനിന്റെ മുഖലക്ഷണമുള്ള പച്ചക്കാടിന്റെ വാല്മീകത്തിലാണ് താപസൻ. മലയുടെ കന്യാമണ്ണിലൂടെ അവർ മുകളിലേയ്ക്കു നടന്നു മുകളറ്റം! പെട്ടെന്ന് അവരുടെ കണ്ണുകൾ അനേകം കാതങ്ങൾ അകലേയ്ക്കു പറന്നു. തോടുകളും പുഴകളും പാടങ്ങളും കടന്ന് വേമ്പനാട്ടുകായലോളം... സൂര്യൻ ഒരു ചുവന്ന മുറിവായിതീരുന്ന വിശാല ചക്രവാളത്തോളം... ദൈവമേ ഇത്രയും കാലം ഞങ്ങളറിയാതെ നീ ഞങ്ങളെ നടത്തിക്കൊണ്ടിരുന്നത് ആകാശത്തിനടുത്ത് നീ സൃഷ്ടിച്ച ഈ മനോഹര ദേശത്തേയ്ക്കായിരുന്നു. നിന്റെ വഴികൾ കൊടുംകാട്ടിലൂടെയും പാറക്കെട്ടിലൂടെയും മരുഭൂമിയിലൂടെയും ആയാലും അവയെല്ലാം നിന്റെ ഉദ്യാനത്തിലേയ്ക്കാണെന്ന് ഒരിക്കൽ കൂടി എനിക്കു ബോധ്യപ്പെടുന്നു. ചാവറയച്ചൻ മനസ്സിൽ ഓർത്തു.

പള്ളി പണിയുന്ന കുന്നിന് ചാവറയച്ചൻ സുറിയാനിയിൽ ഒരു പേരിട്ടു. "ബേസ്റാമ" സ്വർഗ്ഗീയ ഭവനം മലമുകളിലെ വീട് എന്നർത്ഥം. അമലോത്ഭവ നാഥയുടെ സ്നേഹസംരക്ഷണയിൽ വളർന്ന ദർശന ഭവനത്താർ ദൈവ-

മുഴുവനെയും സൃഷ്ടിക്കുന്ന ദൈവത്തിന്റെ സ്വപ്നങ്ങൾക്ക് അവർ ചിറക് നല്കി. ദൈവത്തിന്റെ കണ്ണുകൾ കൊണ്ട് വിശ്വം മുഴുവൻ നോക്കി കാണാനും ദിവ്യസ്നേഹം എല്ലാവരിലും എല്ലാറ്റിലും എല്ലായിടത്തും എല്ലായ്പ്പോഴും ദർശിക്കാനും കൃപ ലഭിച്ച അവർ സമസ്ത സൃഷ്ടിയെയും ദൈവികമാക്കി രൂപാന്തരപ്പെടുത്താൻ ജീവിതം ഉഴിഞ്ഞു വച്ചു. മാന്നാനത്തെ ദർശനഭവനം വഴി ലോകത്തിന്, ഭാരത സഭയ്ക്ക്, കേരള സഭയ്ക്ക്, ആശ്രമാംഗങ്ങൾക്കും ലഭിക്കുന്ന കൃപകളെ, നന്മകളെ നന്ദിയോടെ സ്മരിച്ച് നമുക്ക് പ്രാർത്ഥിക്കാം.

[Any song of offering
ഈ സമയം ആരെങ്കിലും മാന്നാനം ആശ്രമ
ദേവാലയത്തിന്റെ model അൾത്താരയിൽ സമർപ്പിക്കുന്നു]

(2) 1865 ലെ ഒരു പുണ്യദിനം. സമയം ഉച്ച കഴിഞ്ഞ് 4 മണി. ലെഗാത്തായ ലെയോപോൾഡ് മൂപ്പച്ചൻ ചാവറയച്ചനെ വിളിച്ചു പറഞ്ഞു.

മൂപ്പച്ചൻ : പ്രിയോരച്ചാ, എന്റെ കൂടെ നടക്കാൻ പോരുന്നോ.

പ്രിയോരച്ചൻ : വരാമല്ലോ.

അവർ കൂനമ്മാവ് തൊവേന്തയുടെ പടി കടന്ന വടക്കോട്ട് തിരിഞ്ഞു നടന്നു. നശിച്ചതുപോലെ കിടന്നിരുന്ന ചേക്കോയിലെത്തി. ഉടനെ മൂപ്പച്ചൻ ഒരു വീട്ടിലേയ്ക്ക് വിരൽ ചൂണ്ടി ഗൗരവപൂർവ്വം പറഞ്ഞു

മൂപ്പച്ചൻ : പ്രിയോരച്ചാ, ദേ ഇവിടെ ഏലീശ്വ എന്ന വിധവയുണ്ട് 14 വയസ്സുള്ള ഒരു മകളും. അന്ന എന്ന് പേര്. അവരുടെ ഓഹരി സ്ഥലമാണ് ഈ ഭവനത്തിൽ പകുതി. ആ പെൺകുട്ടിക്ക് കല്യാണം കഴിക്കാൻ മനസ്സില്ല. ഈ അമ്മയെയും മകളെയും അവരുടെ പറമ്പുകളിൽ ഒന്നിൽ തന്നെ മാറ്റി താമസിപ്പിച്ച് കന്യാസ്ത്രീകളുടെ വിധം നടത്തിയാലോ?

പ്രിയോരച്ചൻ : വളരെ നല്ല കാര്യം. കന്യാസ്ത്രീമഠം എന്നത് കാര്യം ഏറിയ കാലമായി അപേക്ഷിച്ചു വരുന്നതും നടക്കാതെ കിടക്കുന്നതുമായ ഒരു സംഗതിയല്ലേ

1866ന്റെ തുടക്കത്തിൽ ഒരാൾ മഠം പണിയാൻ 10 രൂപ ധർമ്മമായി നല്കി. മറ്റു വഴി 8 രൂപയും സംഘടിച്ചു. ഈ പണം കൊണ്ട് പ്രിയോരച്ചൻ പനമ്പും തെങ്ങും വാങ്ങി കുഞ്ഞണ്ടിയാൻ പറമ്പിൽ 3 മുറികളുണ്ടാക്കി. പ്രാർത്ഥനാ മുറി. ഊട്ടുമുറി. ഉറക്ക മുറി. എല്ലാം പനമ്പുകൊണ്ട്. 18 രൂപയുടെ ആസ്തികൊണ്ട് ചാവറപിതാവ് കൂനമ്മാവ് മണ്ണിൽ നട്ട CMC എന്ന ഈ ശാഖോപ ശാഖകൾ വിടർത്തി വളർന്നു പന്തലിച്ചു. അതിന്റെ ചില്ല- യിൽ ചേക്കേറാൻ നല്ല ദൈവം നമ്മെയും അനുവദിച്ചു. ദൈവമേ നിന്റെ അനന്തമായ ദയയാൽ വിശുദ്ധമായ വിളി നല്കി ഈ കർമ്മലയുടെ വളക്കൂറുള്ള മണ്ണിൽ ഞങ്ങളെ നട്ടപ്പോൾ അങ്ങേക്കു- ണ്ടായ, ഞങ്ങളുടെ സ്ഥാപക പിതാക്കന്മാർക്കുണ്ടായ സ്വപ്നം പൂവണി- യാൻ ഞങ്ങളെ അയോഗ്യ ജീവിതങ്ങളെ വിലപ്പെടുത്തണമേ. പുണ്യം പൂക്കുന്ന ഇടങ്ങളായി ഈ ഭവനത്തെ അങ്ങ് മാറ്റണമേ.

(Song. of offering.

പനമ്പുമഠത്തിന്റെ still model സമർപ്പിക്കുന്നു)

③ സ്വന്തം ജീവിതത്തെ നിഷ്കാമ കർമ്മം കൊണ്ടും കർമ്മത്തെ ദിവ്യകാരുണ്യോപാസനകൊണ്ടും ധന്യമാക്കിയ ഈ ~~മഹ~~ മഹാത്മാവിന്റെ ജീവിതത്തിനും കർമ്മപദ്ധതികൾക്കും രൂപവും ഭാവവും നല്കിയ ശക്തി എന്തായിരുന്നു. അത് ദിവ്യകാരുണ്യമല്ലാതെ മറ്റൊന്നുമല്ല ദിവ്യകാരുണ്യസന്നിധിയിൽ ധ്യാനപരവശനായി നില്ക്കുന്ന കാഴ്ച അക്കാലത്ത് പലർക്കും സുപരിചിതമായിരുന്നു. വി. കുർബാനയുടെ മുന്നിൽ ഇദ്ദേഹത്തിന്റെ നില എത്രയും മനോഹരമായ ഒരു കാഴ്ച- യുമായിരുന്നു. ഈ അവസരത്തിൽ ഒരു മനുഷ്യനെന്നതിനേക്കാൾ മാലാഖ എന്നു തോന്നിപ്പോകും...

ദൈവം തന്റെ ജീവിതത്തോടു കാണിച്ചിട്ടുള്ള കാരുണ്യം കണ്ട പിതാവിന്റെ ഹൃദയം ഇടമുറിയാതെ ദൈവത്തിലേക്ക് ഒഴുകി ചേർന്നു. ബാല്യം മുതൽ മരണം വരെ അദ്ദേഹത്തിൽ രൂഢമൂലമായിരുന്ന ഈ ഭക്തിയുടെ ചിറകുകൾ തന്റെ മാത്രമല്ല കേരളസഭയിൽ ഒന്നാകെ. സുറിയാനി ക്രിസ്ത്യാനികൾ ലോകത്തിലെ വിടെയൊക്കെ ചെന്നു പാർത്തിട്ടുണ്ടോ അവിടെയെല്ലാം പ്രചരിച്ചു

തിളങ്ങുന്നതായി കാണാൻ കഴിയും. പ്രത്യേകിച്ച് 13 മണി, 40 മണി ആരാധ-
എന്ന ഭക്താനുഷ്ഠാനത്തിലൂടെ. സ്നേഹത്തിന്റെ കൂദാശയായ ദിവ്യകാ-
രുണ്യനാഥനെ സർവ്വസ്വവുമായി തന്റെ പിതാവിനോട് ചേർന്ന് നമുക്കും
അവിടുത്തെ ആരാധിക്കാം. ദിവ്യകാരുണ്യം വസിക്കുന്ന കുസ്തോദി-
കയായി ജീവിതം മാറണേ എന്നും പ്രാർത്ഥിക്കാം. ദിവ്യകാരുണ്യ
ത്തിലെ ദൈവിക ദർശനം കൊതിച്ച് ആത്മനാ നമുക്കും പാടാം.

[അരുളിക്കയുടെ still model സമർപ്പിക്കുന്നു.
Song: കാരുണ്യനാഥനാം ദൈവകുമാരൻ
അരുണ്യശോഭയെ കാണാമിതാ]

(4) 1864 ലെ ഒരു ദിവസം.

ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുമായി ദീർഘമായ ചർച്ചയി-
ലാണ് ചാവറപ്പിതാവ്.

Chavara : എല്ലാവർക്കും വിദ്യാഭ്യാസം എന്നത് ഞാൻ വളരെക്കാലമായി കൊണ്ടുനടക്കുന്ന ഒരു സ്വപ്നമാണ്.

Bishop : സാർവ്വത്രിക വിദ്യാഭ്യാസം അല്ലേ. നല്ല കാര്യം തന്നെ. എന്തെങ്കി[ലും] പദ്ധതിയുണ്ടെങ്കിൽ നടപ്പിലാക്കിക്കൊള്ളൂ. എന്റെ പിന്തുണയുണ്ടാകും.

Chavara : എല്ലാവർക്കും സാമാന്യവിദ്യാഭ്യാസം. കുറേ പേർക്കെങ്കിലും ഉന്നത വിദ്യാഭ്യാസം. ആളുകൾ English പഠിച്ചാൽ അവർക്ക് പുതിയൊരു ലോകം തുറന്നു കിട്ടും. ഇതൊക്കെയാണെന്റെ ആഗ്രഹങ്ങൾ.

Bishop : English വേണ്ട. Englishൽ ഇപ്പോൾ ഇറങ്ങുന്നത് പ്രൊട്ടസ്റ്റന്റ് പ്രസിദ്ധീകരണങ്ങളാണ്. English പഠിച്ച് ആളുകൾ അവ വായിക്കാനിടയായാൽ അങ്ങോട്ടേക്കൊരു ഒഴുക്കുണ്ടാവും.

Chavara : വിദ്യാഭ്യാസം നേടുമ്പോൾ ചിന്താശക്തി വർദ്ധിക്കുമല്ലോ. തെറ്റും ശരിയും വിവേചിച്ചറിയുവാൻ അവർക്ക് കഴിയും.

Bishop : ആ വിവേചനാശക്തി എല്ലാവർക്കും ഉണ്ടാവണമെന്നില്ല.

Chavara : എങ്കിൽ ...

Bishop : English വേണ്ട. മറ്റുള്ളതൊക്കെ പഠിപ്പിക്കുന്ന സ്കൂളുകൾ ഉണ്ടാക്കിക്കൊള്ളൂ.

മെത്രാനച്ചന്റെ കല്പനപ്രകാരം. ചാവറയച്ചനൊരു സർക്കുലർ അയച്ചു. "ഇടവകകൾ തോറും വിദ്യാലയങ്ങൾ ആരംഭിക്കണം. അല്ലാത്ത പക്ഷം പള്ളിമുടക്കു കല്പിക്കും." കണ്ണിന്റെ വെളിവു കൂടാതെ ലോകത്തിലുള്ള വസ്തു കാണ്മാൻ വശമില്ലാത്തതുപോലെ പഠിത്തം എന്ന വെളിവു കൂടാതെ പരലോകത്തേയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലെന്ന് വിശ്വസിച്ച ക്രാന്തദർശിയായ ചാവറപിതാവിന്റെ തിരിച്ചറിവാണ് കേരളത്തിൽ വിദ്യാഭ്യാസ വിപ്ലവത്തിന് തുടക്കം കുറിച്ചത്. നിരക്ഷരതയുടെ തമസ്സിനെ അറിവിന്റെ വെള്ളി വെളിച്ചം കൊണ്ട് നീക്കി ദൈവിക ജ്ഞാനത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയ ചാവറപിതാവിന്റെ ദർശനങ്ങളെ നമുക്ക് സ്മരിക്കാം. അക്ഷര വെളിച്ചത്തോടൊപ്പം നിത്യനായവനെ കാണിച്ചു തന്ന നമ്മുടെ ഗുരുഭൂതരെ സ്നേഹപൂർവ്വം ഓർത്ത് നമുക്കിപ്പോൾ പ്രാർത്ഥിക്കാം

[ Offering song.
സ്കൂളിന്റെ Stil model സമർപ്പിക്കുന്നു]

5 നിത്യ ക്രമം കാക്കുമെങ്കിൽ ക്രമം നിന്നെ കാത്തുകൊള്ളും. ചാവറയച്ചന്റെ ജീവിത രഹസ്യമിതായിരുന്നു. വ്യക്തിപരമായ ജീവിതത്തിലെന്നപോലെ പൊതു കാര്യങ്ങളിലും ഓജസ്സും തേജസ്സും വർദ്ധിപ്പിക്കുന്നതാണ് ക്രമവും ചിട്ടയും. ആരാധനയിലും അത് അനിവാര്യമത്രേ. അതുകൊണ്ടാണ് തിരുസിംഹാസനത്തിൽ നിന്ന് അനുവാദം വാങ്ങി കാനോനിക ജപങ്ങൾ ക്രോഡീകരിച്ച് കാനോന ജപപുസ്തകം അടിച്ചിറക്കിയത്. കാനോന നമസ്കാരമായി ചൊല്ലുന്ന ഏതു നമസ്കാരമെങ്കിലും ശേഷം നമസ്കാരങ്ങളെക്കാളും അധികം ഫലമുള്ളതാകയാൽ യാമപ്രാർത്ഥന ഭക്തിയോടെ ചൊല്ലണമെന്ന പിതാവിന്റെ നിർദ്ദേശത്തെ സ്വീകരിച്ച് ശിരസ്സായ മിശിഹായോടൊന്നിച്ച് പിതാവിന് സമർപ്പിക്കുന്ന യാമപ്രാർത്ഥനയിൽ നമുക്ക് നമ്മുടെ സ്വർഗ്ഗ മാതാവായ സഭയോടൊന്നിച്ചിരിക്കയും പിതാവിനു സമർപ്പിക്കുകയും ചെയ്യാം.

[കാനോനനമസ്കാരങ്ങൾ സമർപ്പിക്കുന്നു]

Song: യാമവിശുദ്ധിതൻ മന്ത്രം
നാളുകൾ പോലേഴു യാമം
ഓരോ നിമിഷവും നിന്നെ
ഓർക്കുവാൻ കൃപയാലെ നിറയാൻ

(6) എനിക്കു വിശന്നു. നിങ്ങൾ ഭക്ഷിക്കാൻ തന്നു എനിക്കു ദാഹിച്ചു നിങ്ങൾ കുടിക്കാൻ തന്നു. തിരുവചനം നമ്മിൽ നിന്നാവശ്യപ്പെടുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ ആദ്യ തുകയായിരുന്നു അന്നു വരെ കേട്ടുകേൾവി പോലുമില്ലാതിരുന്ന പിടിയരി പ്രസ്ഥാനം. ദൈവത്തിനുവേണ്ടി മാറ്റി വയ്ക്കപ്പെട്ട നമ്മുടെ ജീവിതങ്ങളും ഈ ഒരു പിടി അന്നം പോലെ മറ്റുള്ളവരുടെ ജീവിതമേശകളിൽ അന്നമാവേണ്ടതാണ്. ദൈവമേ ഞങ്ങളെ നിന്റെ വിരുന്നുമേശയിലെ അപ്പമാക്കി മാറ്റണമേ എന്ന പ്രാർത്ഥന മനസ്സിൽ നിന്നുയരട്ടെ.

[Offering Song:
പിടിയരി സമർപ്പിക്കുന്നു]

(7) 1844-ാം കാലം ചിങ്ങം മുതൽ പുസ്തകം അടിക്കാനുള്ള വേലയ്ക്കു പ്രത്യേകം മനസ്സുവച്ചു തുടങ്ങി. രണ്ടുകുറി ഞാൻ ഏറിയ ആഗ്രഹത്തോടെ കോട്ടയത്ത് ചെന്നാറെ, കിട്ടിയതുമില്ല. പിന്നെ കേൾവിയാലും കണ്ടവർ പലരോടും ചോദിച്ച് വേലകൾ ഓരോന്ന് തുടങ്ങി. ഞാൻ തിരുവനന്തപുരത്തു പോയിരുന്നു. അവിടെ ഗവ. പ്രസ്സിൽ കയറി കണ്ടതും കേട്ടതും മനസ്സിൽ കുറിച്ചു. മാന്നാനത്തു വന്ന് വാഴപ്പിണ്ടികൊണ്ടു ഒരു പ്രസ്സിന്റെ മാതൃക ഉണ്ടാക്കി. അതേ പടി ഒരെണ്ണം ആശാരിയെ കൊണ്ടു ഉണ്ടാക്കിച്ചു വരുംകൊണ്ട്. മാന്നാനത്തെ ആ ഒന്നാമത്തെ പ്രസ് ഇന്നു എന്റെ മുറിയുടെ ഒരത്തു സൂക്ഷിച്ചിട്ടുണ്ട്.

[Offering Song:
ചിമ്പിപ്രസിന്റെ still model സമർപ്പിക്കുന്നു]

(8)

പ്രിയോർ മാങ്ങ! ചാവറയച്ചൻ തന്റെ വത്സലമക്കളോടുള്ള സ്നേഹം വളർന്ന് വലുതായി പടർന്നു പന്തലിച്ച് പൂത്തുണ്ടായ ഫലമാണ് പ്രിയോർ മാങ്ങ. ചാവറയച്ചൻ കൂനമ്മാവിൽ താമസിച്ചിരുന്ന കാലം. ആലുവായിൽ നിന്ന് ചാവറയച്ചനെ കാണാൻ വന്ന സ്നേഹിതൻ ഗോവയിൽ നിന്നോ മറ്റോ ആലുവയിൽ കൊണ്ടു വന്ന് വിറ്റിരുന്ന നല്ല മാമ്പഴം ചാവറയച്ചന

സമ്മാനിച്ചു. അതിലൊരു ഭാഗം കൂനമ്മാവ് മഠത്തിലേയ്ക്ക് കൊടുത്തയച്ചു. നല്ല വിത്തുകൾ ശേഖരിച്ച് ചാവറയച്ചൻ പാകി. അതിലൊരെണ്ണം ചാവറയച്ചൻ തന്നെ കൂനമ്മാവിൽ നട്ടുനനച്ച് വളർത്തി.

ചാവറയച്ചൻ കൂനമ്മാവിൽ നട്ടുപിടിപ്പിച്ച മാവ് 1977ൽ ഉണങ്ങി പോയി. ആ മാവിൻ തടി വട്ടം മുറിച്ച് അദ്ദേഹത്തോടുള്ള സ്നേഹത്തെപ്രതി അതിന്റെ പങ്ക് ഓരോ കൊവേന്തകളിലും മഠങ്ങളിലും കൊടുത്തയച്ചു. ഒരു മധുര സംസ്കാരത്തിന്റെ ഉടമയായിരുന്ന നമ്മുടെ പിതാവ് മനസ്സാ വാചാ കർമ്മണ ജീവിച്ച കാലത്തെ മധുരിപ്പിച്ചവൻ. പെരുമാറ്റ മാധുര്യത്തിന്റെ രുചി വ്യാപരിച്ച ഇടങ്ങളിലെല്ലാം പകർന്നവൻ. സ്നേഹത്തിന്റെ ജീവിത മാതൃകയാകാൻ നമുക്കും പ്രാർത്ഥിക്കാം.

[Offering song.
Prior മാവിന്റെ still model സമർപ്പിക്കുന്നു]

കാലത്തിനു മുമ്പേ നടന്നു നീങ്ങി പുണ്യകർമ്മങ്ങൾ കൊണ്ട് ജീവിതം സാർത്ഥകമാക്കി, ചരിത്രത്തിന്റെ സംരക്ഷകനും വർത്തമാനത്തിന്റെ കാവൽക്കാരനുമായി, ഇന്ന് സ്വർഗ്ഗത്തിൽ നമുക്കായി കരമുയർത്തി പ്രാർത്ഥിക്കുന്ന ചാവറപിതാവിനോട് നമുക്കും പ്രാർത്ഥിക്കാം. നമ്മുടെ പ്രാർത്ഥനകൾ, നിയോഗങ്ങൾ, അനുഗ്രഹങ്ങൾ, പ്രതീക്ഷയോടെ നമ്മോട് പ്രാർത്ഥന ചോദിച്ചിരിക്കുന്നവരെ ഒക്കെ ഓർത്ത് ഈ സമയം നമുക്ക് പ്രാർത്ഥിക്കാം. ദൈവം കേരളത്തിലെ സുറിയാനി സഭക്ക് കാരുണ്യപൂർവ്വം സമ്മാനിച്ച ആത്മീയമായ അക്ഷയപാത്രമാണ് നമ്മുടെ സ്നേഹപിതാവ്. ആ പിതാവിന്റെ സ്മരണയിൽ നമുക്കായിരിക്കാം. നമ്മുടെ പ്രാർത്ഥനകൾ സ്വർഗ്ഗത്തിലേക്കുയർത്താം.

[മദ്ധ്യസ്ഥ പ്രാർത്ഥനകൾ
ഒടുവിൽ ചാവറ ഗാനം]